**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 231** **14-02-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് സിറ്റി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാസമ്പന്നരായ യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്റ്റാർട്ടപ്പ് മിഷനും ഉന്നതിയും ചേർന്ന് സ്റ്റാർട്ടപ്പ് സിറ്റി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്. സംരംഭകത്വം ഉൾപ്പെടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമവും വികസനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾക്കായി ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രാഥമികമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്ന ഒരു സാമൂഹ്യമേഖലാ സംരംഭമാണ് സ്റ്റാർട്ടപ്പ് സിറ്റി. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും അവർ താൽപര്യപ്പെടുന്ന സംരംഭകത്വ മേഖലയിൽ ആവശ്യമായ സഹായം നൽകുന്നതിനാണ് ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി. ഇതിനാവശ്യമായ സഹായം നൽകുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷനുമായി കരാർ ഒപ്പുവെച്ചാണ് സ്റ്റാർട്ടപ്പ് സിറ്റി ആവിഷ്കരിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവരുടെ ഉപജീവന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഈ പദ്ധതി സഹായിക്കുമോ; വിശദീകരിക്കുമോ; | (ബി) | സഹായിക്കും. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവരുടെ ക്ഷേമവും വികസനവുമാണ് ഉന്നതിയുടെ ലക്ഷ്യം. അതിനായി സംരംഭങ്ങൾ സ്ഥാപിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള സഹായങ്ങൾ സ്റ്റാർട്ടപ്പ് സിറ്റി പദ്ധതിയിലൂടെ ലഭ്യമാക്കും.<br><br>എൻജിനീയറിംഗ്, ഐ.റ്റി അധിഷ്ഠിത സാങ്കേതിക വിദ്യകൾ, മറ്റ് ആധുനിക സാങ്കേതിക വിദ്യകൾ, ആരോഗ്യ സംരക്ഷണം, വിനോദ സഞ്ചാരം, മാർക്കറ്റിംഗ്, കാർഷികം, നിർമ്മാണം തുടങ്ങി വിവിധ മേഖലകളിൽ പരിജ്ഞാനമുള്ള പട്ടികജാതി പട്ടികവർഗ്ഗ യുവതിയുവാക്കൾക്കാണ് സംരംഭകത്വ തൊഴിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| | | | **ഈ മേഖലകളിൽ സംരംഭകത്വത്തിൽ ഏർപ്പെടാൻ താല്പര്യപ്പെടുന്നവർക്കു സ്റ്റാർട്ടപ്പ് മിഷൻ മാർഗനിർദേശങ്ങളും പരിശീലനവും നൽകുമെന്നുള്ളതിനാൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനും അതുവഴി മികച്ച സംരംഭകരായി മാറുവാനും സാധിക്കുന്നതാണ്. 'അഗ്രിഗേഷൻ മോഡലിൽ' ഉന്നതി ഈ സംരംഭകരുടെ ബിസിനസ്സുകൾ ഏകോപിപ്പിക്കുകയും വിപണി കണ്ടെത്താൻ സഹായിക്കുകയും ചെയ്യും. സർക്കാർ ബിസിനസ്സുകളിൽ, പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വികസന പ്രോജക്ടുകളിൽ ഉന്നതി സ്റ്റാർട്ടപ്പുകൾക്ക് മുൻഗണന നൽകി സംരംഭകരെ ശാക്തീകരിക്കാൻ സാധിക്കും.** |
| (സി) | ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ്, കൃഷി, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിൽ ഇൻകുബേഷൻ സൗകര്യവും പിന്തുണയും നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | **ഉണ്ട്. സ്റ്റാർട്ട് അപ്പ് സിറ്റി പദ്ധതിയുടെ ഭാഗമായി ഇൻഫർമേഷൻ ടെക്നോളജി, ഇലക്ട്രോണിക്സ്, കൃഷി, വിനോദസഞ്ചാരം തുടങ്ങിയ വിവിധ മേഖലകളിൽ ഇൻകുബേഷൻ സൗകര്യവും പിന്തുണയും ആവശ്യമായ ഘട്ടങ്ങളിൽ സ്റ്റാർട്ടപ്പ് മിഷൻ നൽകുന്നതാണ്. മേൽപ്പറഞ്ഞ മേഖലകളിൽ ലഭ്യമായ വിദഗ്ധരിലൂടെ മെന്ററിംഗ് ഉൾപ്പെട്ട ഇൻകുബേഷൻ സൗകര്യവും, വായ്പ, ഗ്രാന്റ് എന്നിവയിലൂടെ സാമ്പത്തിക സഹായവും വിപണി ലഭ്യമാകുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള സഹായങ്ങളും ലഭ്യമാക്കും.** |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം ആരംഭിക്കുന്ന സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ മികച്ച ബ്രാൻഡിംഗിലൂടെ വിപണനം ഉറപ്പാക്കുന്നതിന് സൗകര്യവും പിന്തുണയും നൽകുമോ; വിശദീകരിക്കുമോ; | (ഡി) | **ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്ന ഉത്പ്പന്നങ്ങൾക്കും സേവനങ്ങൾക്കും ഉന്നതിയുടെ ബ്രാന്റിംഗ് നൽകുകയും, വിപണനം ഉറപ്പാക്കുന്നതിനുള്ള നടപടികൾക്ക് സ്റ്റാർട്ട് അപ് മിഷനുമായി ചേർന്ന് പിന്തുണ നൽകുകയും ചെയ്യും.** |
| (ഇ) | സ്റ്റാർട്ടപ്പ് സിറ്റി പദ്ധതിയിലൂടെ പുതിയ സംരംഭകരുടെ ബിസിനസിന്റെ കാര്യക്ഷമതയും വ്യാപ്തിയും സാധ്യതകളും മെച്ചപ്പെടുത്തുന്നതിനുള്ള എന്തെല്ലാം സഹായങ്ങളാണ് ഉറപ്പാക്കുന്നത്; വിശദീകരിക്കുമോ? | (ഇ) | **സംരംഭത്തിന്റെ സമസ്ത മേഖലയിലും വിദഗ്ധരെ ഉപയോഗിച്ച് സംരംഭകർക്ക് പരിശീലനം നൽകിയും, സംരംഭങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതു വരെ അവർക്ക് hand holding നൽകിയും, നല്ല സംരംഭകരാക്കി മാറ്റുവാൻ അവരെ പ്രാപ്തരാക്കാനുള്ള എല്ലാവിധ സഹായങ്ങളും ഈ പദ്ധതി മുഖേന ലഭ്യമാക്കുന്നു. കൂടാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മുതൽമുടക്കിന്റെ 80% വരെ തുക ധനസഹായമായി നൽകുന്നതുമാണ്. വായ്പാബന്ധിത പദ്ധതിയായതിനാൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയോ, ബാങ്കുകൾ മുഖേനയോ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള സഹായങ്ങളും നൽകുന്നതാണ്.** |

| | | | |
|---|---|---|---|
| | | | **തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകർക്ക് വിപണനത്തിനുള്ള പിന്തുണ, ഓഫീസ് സ്ഥല സൗകര്യം എന്നിവയും ഈ പദ്ധതി മുഖേന ലഭ്യമാക്കുന്നു.** |

സെക്ഷൻ ഓഫീസർ